# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3721 — 17.10.2011 ൽ മറുപടിയ്ക്ക്

## ഡാമുകളുടെ നവീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ.എം.എ.വാഹീദ്<br>ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.സണ്ണി ജോസഫ് | ശ്രീ.പി.ജെ.ജോസഫ്<br>(ബഹു.ജലവിഭവ മന്ത്രി) |

| | |
|---|---|
| (എ) ഈ ഗവൺമെന്റ് അധികാരമേറ്റ ശേഷം ജലവിഭവ വകുപ്പിനു കീഴിലുള്ള ഡാമുകളുടെ നവീകരണത്തിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; | (എ) ഡാമുകളുടെ നവീകരണത്തിനായി ലോകബാങ്ക് സഹായത്തോടെ ഡാം റീഹാബിലിറ്റേഷൻ ആൻറ് ഇംപ്രൂവ്മെന്റ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതി നിലവിൽ കേന്ദ്ര ക്യാബിനറ്റിന്റെ പരിഗണനയിലാണ്. നടപടി ക്രമങ്ങൾ പാലിച്ച് ലോൺ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) അണക്കെട്ടുകൾ ബലപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനുമുള്ള ലോക ബാങ്കിന്റെ ഡ്രിപ് പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ;<br>(സി) ലോകബാങ്കിന്റെ സഹായം ലഭിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ? | (ബി)&(സി) സംസ്ഥാനത്തെ അണക്കെട്ടുകളുടെ നവീകരണത്തിനായി ലോകബാങ്ക് സഹായത്തോടെ DRIP പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. പദ്ധതി റിപ്പോർട്ട് ലോകബാങ്ക് അധികൃതർ തത്വത്തിൽ അംഗീകരിക്കുകയും ഇതിലേയ്ക്കായി 280 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതി കേന്ദ്ര ധനകാര്യ വകുപ്പിന്റെ കീഴിലുള്ളExpenditure Finance Committee (EFC) അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി കേന്ദ്ര ക്യാബിനറ്റിന്റെ പരിഗണനയിലാണ്. നടപടി ക്രമങ്ങൾ പാലിച്ച് ലോൺ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ